# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **2992** 15.02.2013 ൽ മറുപടിയ്ക്ക്.

## മഹാത്മാഗാന്ധി സർവ്വകലാശാലയുടെ പുതിയ ഓഫ് കാമ്പസുകൾ

**ചോദ്യം**

ശ്രീ. കെ.കെ ജയചന്ദ്രൻ

**ഉത്തരം**

ശ്രീ. പി.കെ. അബ്ദു റബ്ബ്

*(ഉന്നത വിദ്യാഭ്യാസ വകുപ്പു മന്ത്രി)*

| | | | |
|---|---|---|---|
| (എ) | മഹാത്മാഗമാന്ധി സർവ്വകലാശാലയ്ക്ക് പുതുതായി ഓഫ് കാമ്പസുകൾ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ; | (എ | മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്ക് പുതുതായി എഴുപത്തിഒൻപത് ഓഫ് കാമ്പസ് സെന്ററുകൾ അനുവദിക്കുന്നതിന് 17-01-2013 ൽ കൂടിയ സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചിട്ടുണ്ട് . ഇതിൽ ഒരു സെന്ററിനുള്ള അനുമതി തൽക്കാലത്തേയ്ക്ക് തടഞ്ഞുവയ്ക്കുവാൻ വൈസ് ചാൻസലർ ഉത്തരവിട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത ആവശ്യം സർവ്വകലാശാല നേരത്തെ ഉന്നയിച്ചിരുന്നതാണോ ; | (ബി) & (സി) | മഹാത്മാഗാന്ധി സർവ്വകലാശാല 12.11.2012 ൽ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ട് പ്രകാരവും, മഹാത്മാഗാന്ധി സർവ്വകലാശാലാ രജിസ്ട്രാറുടെ 21.11.12 ലെ Regr/01/2012 നമ്പർ കത്ത് പ്രകാരവും പ്രസ്തുത സർവ്വകലാശാലയുടെ കീഴിൽ ഓഫ് കാമ്പസ് സെന്ററുകൾ തുടങ്ങുന്നതിലേക്ക് ആവശ്യമായ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിരിക്കുകയാണ്. എന്നാൽ 21.12.2012 തീയതിയിലെ ലെ 41114/ബി 4 / 2012 /ഉ.വി.വ. നമ്പർ കത്ത് പ്രകാരം മഹാത്മാഗാന്ധി സർവ്വകലാശാല യുടെ കീഴിൽ പുതിയ ഓഫ് കാമ്പസ് തുടങ്ങുന്ന കാര്യത്തിൽ സർക്കാരിന്റ വിയോജിപ്പ് സർവ്വകലാശാലയെ അറിയിക്കുകയും ചെയ്തു. 17.01.2013 തീയതിയിലെ സിന്റിക്കേറ്റ് യോഗത്തിൽ പങ്കെടുത്ത ധനകാര്യ വകുപ്പിൽ നിന്നുള്ള സർക്കാർ പ്രധിനിധി ഇക്കാര്യത്തിൽ വിയോജിപ്പ് രേഖപ്പെടുത്തുകയും ചെയ്യുകയുണ്ടായി. ഇക്കാര്യത്തിലുള്ള സർക്കാർ വിയോജിപ്പ് അവഗണിച്ചുകൊണ്ട് 17.01.13 ൽ കൂടിയ മഹാത്മാഗാന്ധി സർവ്വകലാശാല സിൻഡിക്കേറ്റ് യോഗം പുതിയ ഓഫ് കാമ്പസുകൾ തുടങ്ങുന്ന വിഷയത്തിൽ തീരുമാനമെടുത്തിരിക്കുകയാണ്. |
| (സി) | ആയത് സംബന്ധിച്ച് സർക്കാർ നിലപാട് എന്തായിരുന്നു വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ